# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.21.04.2018

### വനശ്രീ മണൽ വിതരണം; അപേക്ഷകൾ ക്ഷണിക്കുന്നു.

തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട കുളത്തൂപ്പുഴയിലെ വനശ്രീ മണൽ വിതരണത്തിന് അപേക്ഷ ക്ഷണിച്ചു. നെടുമങ്ങാട് താലൂക്കിലേയും കൊല്ലം ജില്ലയിലെയും ഗൃഹനിർമ്മാണത്തിനും നവീകരണത്തിനുമായാണ് തിങ്കളാഴ്ച (23.04.2018) രാവിലെ 11 മുതൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

എല്ലാ നികുതികളും ഉൾപ്പെടെ എ.പി.എൽ.വിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ച് ഘന മീറ്റർ അടങ്ങുന്ന ഒരു ലോഡിന് 22,225 രൂപയും സർക്കാർ സഹായത്തോടെ വീട് നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗക്കാർക്ക് 12,425 രൂപയുമാണ് വില. അപേക്ഷകർ ഫോട്ടോ പതിച്ച അംഗീകൃത തിരിച്ചറിയൽ കാർഡ്, കെട്ടിട നിർമ്മാണ അനുമതി രേഖ, വീടിന്റെ അംഗീകൃത പ്ലാൻ, എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകത സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യണം. ബി.പി.എൽ. വിഭാഗത്തിലുള്ളവർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ലഭിച്ച രേഖകളുടെ പകർപ്പുകൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകന് തൽസമയം രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയും ഭാവിയിലുള്ള അന്വേഷണങ്ങൾക്ക് ഈ നമ്പർ ഉപയോഗിക്കാവുന്നതുമാണ്. ഒരു ഘനമീറ്റർ മുതൽ പത്ത് ഘനമീറ്റർ വരെ അർഹതയനുസരിച്ച് മണൽ ലഭിക്കും. റേഷൻ കാർഡിന്റെ വിവരം കൂടി അപേക്ഷയിൽ കാണിക്കേണ്ടതും അസൽകാർഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസിൽ പതിപ്പിച്ചു വാങ്ങേണ്ടതുമാണ്.

വെബ്സൈറ്റ് വിലാസം : www.forest.kerala.gov.in സൈറ്റിൽ നിന്നും "Vanasree sand" എന്ന ലിങ്കിൽ പ്രവേശിച്ച് അപേക്ഷ സമർപ്പിക്കാം.

FIBPR-11/18

for പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ